**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 84** **31-01-2024 - ൽ മറുപടിയ്ക്ക്**

**നവകിരണം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അനൂപ് ജേക്കബ്,<br>ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. മാണി. സി. കാപ്പൻ,<br>ശ്രീ. പി. ജെ. ജോസഫ്** | | **ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | വനം വകുപ്പ് നടപ്പിലാക്കി വരുന്ന സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിയായ നവകിരണം പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ; | (എ) | **വനം വകുപ്പ് നടപ്പിലാക്കി വരുന്ന സ്വയംസന്നദ്ധ പുനരധിവാസ പദ്ധതിയായ നവകിരണം പദ്ധതി പ്രകാരം 782 അർഹതപ്പെട്ട കുടുംബങ്ങൾക്ക് പാക്കേജ് തുക നൽകി വനാന്തരങ്ങളിൽ നിന്ന് മാറിപ്പോകുവാനുള്ള സാഹചര്യം ഒരുക്കിയിട്ടുണ്ട്. ടി 782 അർഹതപ്പെട്ട കുടുംബങ്ങളിൽ, 497 കുടുംബങ്ങൾക്ക് പദ്ധതി തുക പൂർണ്ണമായും നൽകുകയും (യൂണിറ്റ് ഒന്നിന് 15 ലക്ഷം രൂപ നിരക്കിൽ), 285 അർഹതപ്പെട്ട കുടുംബങ്ങൾക്ക് ആദ്യ ഗഡുവായ 7.5 ലക്ഷം വീതം ഇതിനകം നൽകിയിട്ടുള്ളതുമാണ്.**<br><br>**ഇപ്രകാരം നവകിരണം സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിയിലൂടെ 95.925 കോടി രൂപ (റീബിൽഡ് കേരള ഡെവലപ്മെന്റ് പദ്ധതി മുഖേനെ 72.525 കോടിയും, കിഫ്ബി ഫേസ് II പദ്ധതി മുഖേന 23.4 കോടിയും) കുടുംബങ്ങൾക്ക് നൽകിയിട്ടുള്ളതാണ്. ഇതിന്റെ വിശദാംശം പട്ടികരൂപത്തിൽ അനുബന്ധമായി ചേർക്കുന്നു.**<br><br>2023-2024 സാമ്പത്തിക വർഷം, നവകിരണം പദ്ധതിക്കായി റീബിൽഡ് കേരള ഡെവലപ്മെന്റ് പദ്ധതി മുഖേനെ അംഗീകരിച്ച് ലഭിച്ച 36.13 കോടി രൂപ ലഭിച്ചിട്ടുള്ളതും ആയതിൽ 36.0525 കോടി രൂപ ചിലവാക്കിയിട്ടുള്ളതുമാണ്. നാളിതുവരെ 782 അപേക്ഷകർക്ക് പദ്ധതിപ്രകാരം സാമ്പത്തിക പാക്കേജ് നൽകിയിട്ടുള്ളതാണ്. സാമ്പത്തിക സഹായത്തിനായുള്ള 181 അപേക്ഷകൾ, അംഗീകൃത മാർഗ്ഗരേഖ പ്രകാരമുള്ള പരിശോധനകൾ പൂർത്തീകരിച്ചിട്ടുണ്ട്. അടുത്ത ഗഡുവായ 27.13 കോടി രൂപ അനുവദിക്കുന്ന വിഷയം സർക്കാർ പരിഗണനയിലാണ് |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിൽ പ്രായോഗിക ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) | **നവകിരണം സ്വയം സന്നദ്ധ പുനരധിവാസപദ്ധതി നടപ്പിലാക്കുന്നത് അംഗീകൃത മാർഗ്ഗരേഖ പ്രകാരമാണ്. ഈ നിയമാവലി നിഷ്കർഷിക്കുന്ന പരിശോധനാ കമ്മിറ്റികൾക്കുശേഷമാണ് (റെയിഞ്ച്, ഡിവിഷൻ, റീജിയണൽ, ലാന്റ് അക്വിസിഷൻ തഹസീൽദാരുടെ പരിശോധന) സാമ്പത്തിക പാക്കേജിന് അർഹത തീരുമാനിക്കുന്നത്. മാർഗ്ഗരേഖപ്രകാരം നിർദ്ദേശിക്കുന്ന അവശ്യരേഖകൾ സ്വരൂപിക്കുന്നതിനുള്ള കാലതാമസം ചില അപേക്ഷകർക്ക് ബുദ്ധിമുട്ടുണ്ടാകാറുണ്ട്.** |
| (സി) | ഈ പദ്ധതി പ്രകാരം ഭൂമി വിട്ടുനൽകിയവർക്ക് തുക കൊടുത്തു തീർക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണങ്ങൾ അറിയിക്കുമോ; സമയബന്ധിതമായി തുക നൽകാൻ നടപടി സ്വീകരിക്കുമോ? | (സി) | **2023-2024 സാമ്പത്തിക വർഷം, നവകിരണം പദ്ധതിക്കായി റീബിൽഡ് കേരള ഡെവലപ്മെന്റ് പദ്ധതി മുഖേനെ അംഗീകരിച്ച 36.13 കോടി രൂപ ലഭിച്ചിട്ടുള്ളതും ആയതിൽ 36.0525 കോടി രൂപ ചിലവാക്കിയിട്ടുള്ളതുമാണ്. നാളിതുവരെ 782 അപേക്ഷകർക്ക് പദ്ധതിപ്രകാരം സാമ്പത്തിക പാക്കേജ് നൽകിയിട്ടുള്ളതാണ്. സാമ്പത്തിക സഹായത്തിനായുള്ള 181 അപേക്ഷകളിന്മേൽ അംഗീകൃത മാർഗ്ഗരേഖ പ്രകാരമുള്ള പരിശോധനകൾ പൂർത്തീകരിച്ചിട്ടുണ്ട്. അടുത്ത ഗഡുവായ 27.13 കോടി രൂപ അനുവദിക്കുന്ന കാര്യം സർക്കാർ പരിഗണനയിലാണ്.** |

സെക്ഷൻ ഓഫീസർ

<u>**അനുബന്ധം**</u>

| | അർഹതപ്പെട്ട കുടുംബ യൂണിറ്റുകൾ | അനുവദിച്ച സാമ്പത്തിക പാക്കേജ് (കോടി) |
|---|---|---|
| പൂർണ്ണമായും സാമ്പത്തിക പാക്കേജ് ലഭിച്ചവർ | 497 | 74.55 |
| ആദ്യ ഗഡു സാമ്പത്തിക പാക്കേജ് ലഭിച്ചവർ | 285 | 21.375 |
| ആകെ | 782 | 95.925 |